പണി തുടങ്ങുന്നില്ലെങ്കിൽ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്ത് അപ്രോച്ച് റോഡ് നിർമ്മിക്കാൻ വേറെ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(9) ആലപ്പുഴ ജില്ലയിലെ ഒറ്റമശ്ശേരി-ചെല്ലാനം റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, അരൂർ നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി മുതൽ ചെല്ലാനം വരെയുള്ള റോഡ് ഇടിഞ്ഞുപൊളിഞ്ഞു കിടക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഓരോ കൊല്ലവും അതിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ ഈ നിയമസഭയിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. സെൻട്രൽ റോഡ് ഫണ്ടിൽനിന്നും ഉള്ള തുക ഉപയോഗിച്ച് ചെയ്ത റോഡാണ്, അവരാണ് ചെയ്യേണ്ടത് എന്ന് പറയും. അത് കഴിഞ്ഞശേഷം 1997-ൽ ഇതിന് അങ്ങ് തന്ന ഒരു മറുപടി ഒറ്റമശ്ശേരി-ചെല്ലാനം റോഡ്, നാഷണൽ ഹൈവേ സി.ആർ.എഫ് സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്, 148.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉണ്ടാക്കി പരിശോധിച്ചുവരുന്നു, ഉടനെതന്നെ വർക്ക് ചെയ്യുന്നതാണ് എന്നാണ്. 1997-ന് അങ്ങ് തന്ന മറുപടിയാണ്. അത് കഴിഞ്ഞശേഷം 1999 വരെയായിട്ട് ഈ റോഡിന്റെ പണി തുടങ്ങിയിട്ടില്ല. പണി തുടങ്ങുന്നതിന് 8 റീച്ചായിട്ട് എടുത്ത റോഡിന്റെ 4 റീച്ചിന് ടെണ്ടർ വിളിച്ചു. ബഡ്ജറ്റിൽ തുക ഇല്ലാതെവന്നതുകൊണ്ട് ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷന് വരേണ്ടിവന്നു. പിന്നീടാണ് ടെണ്ടർ വിളിക്കുന്നത്. ടെണ്ടർ വിളിച്ചു കഴിഞ്ഞതിനുശേഷം ടെണ്ടർ കമ്മിറ്റി വന്ന് നെഗോഷിയേറ്റ് ചെയ്യാൻ വളരെക്കാലം താമസിപ്പിച്ചു. 1998-99-ലെ ബഡ്ജറ്റിൽ തുകയുണ്ട്, പണി ചെയ്തില്ല. ഇന്നിപ്പോൾ എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ വിളിച്ച് ടെണ്ടർകാരെ കൊണ്ട് അംഗീകരിപ്പിച്ചു. ലെവൽസ് എടുത്തു കഴിഞ്ഞശേഷം ഇന്നിപ്പോൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിൽവന്ന് കാത്തുകിടക്കുകയാണ്.

സർ, തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്കൂളിലേക്ക് പോകാനുള്ള റോഡാണ്. ആ റോഡിൽക്കൂടി വേണം ഇപ്പുറത്ത് വരാൻ. ഇപ്പോൾ ചാലിൽക്കൂടി ഇപ്പുറത്തേക്ക് വള്ളത്തിൽ കയറ്റി റോഡിൽ കൊണ്ടുവന്നാണ് സാധനങ്ങൾ കൊണ്ടുപോകുന്നത്. റോഡ് പണി നീട്ടുകയാണ്. അനേകം സമരങ്ങൾ നടന്നു. അവിടെ പള്ളിയിലുള്ള അച്ചന്മാരുൾപ്പെടെ പലരും സമരങ്ങൾ നടത്തി. പല പ്രാവശ്യം വിളിച്ച് കോൺഫറൻസ് നടത്തി; റോഡ് പണി നടക്കുന്നില്ല. നാലു റീച്ച് മാത്രമേയുള്ളൂ. ഇപ്പോൾ രണ്ടാമത് ടെന്റർ വിളിക്കുന്നതിനുള്ള സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. പക്ഷേ ടെന്റർ വന്നിട്ടില്ല. റോഡാകുന്നില്ല. എന്റെ കഴിവു കുറവുകൊണ്ടാണ് പണി നടക്കാത്തത് എന്നാണ് അവിടെ പ്രചരണം നടത്തുന്നത്. ഞാൻ വയസ്സായതുകൊണ്ട് എനിക്ക് മെറ്റൽ ചുമക്കാനൊന്നും ശക്തിയില്ലല്ലോ, അതുകൊണ്ട് എന്റെ കഴിവു കുറവായിരിക്കും. എന്തായാലും ആ വിധത്തിലുള്ള പ്രചരണം അവിടെ നടത്തുകയാണ്. എന്നോടുള്ള വിരോധം തീർക്കുന്നതിനുള്ള ഒരു നടപടി ആണെന്നാണ് തോന്നുന്നത്. ഇങ്ങനെയൊരു നടപടിയുണ്ടോ? എത്ര പ്രാവശ്യമാണ് ഞാനിവിടെ ഇത് ഉന്നയിച്ചത്? ഓരോ കൊല്ലവും രണ്ടു പ്രാവശ്യമെങ്കിലും ഞാൻ നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ച് പറയാറുള്ളതാണ്. റോഡിന്റെ പണി നടക്കുന്നില്ല. അതിന്റെ എസ്റ്റിമേറ്റെടുത്ത്, ബാക്കി കാര്യങ്ങൾ ചെയ്തു. അതിനിടെ കുഴി അടയ്ക്കാൻ നടപടിയെടുത്തു കുഴി അടയ്ക്കാൻ ഉരുളൻ കല്ലു കൊണ്ടുവന്നിട്ടു അതിന്റെ പുറത്ത് മണ്ണിടാത്തതുകൊണ്ട് റോഡിൽകൂടി വണ്ടി ഓടിക്കാൻ സാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. ആ വിധത്തിലാണ് കുഴി അടച്ചിരിക്കുന്നത്. കരിങ്കല്ലിന്റെ വലിയ ചീള് കൊണ്ടുവന്ന് ഇട്ടിരിക്കുകയാണ്. വണ്ടിയുടെ ടയർ കയറിയാൽ ടയർ കുഴിഞ്ഞു പോകത്തക്കവിധത്തിലാണ് ഇട്ടിരിക്കുന്നത്. അതിന്റെ പുറത്ത് മണ്ണിടണമല്ലോ. മണ്ണും ഇട്ടിട്ടില്ല. 14 കിലോമീറ്ററുള്ള റോഡാണ്. അതിന്റെ പണി തീർക്കാതെ എന്തോ വിരോധം തീർക്കാനുള്ള വിധത്തിലുള്ള നടപടികളാണ് എടുക്കുന്നത്. ഞാനിത് പറയുന്നത് വിഷമം കൊണ്ടാണ്, ദുഃഖം കൊണ്ടാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ ലെവൽസ് അടങ്ങിയ ലെറ്റർ വന്നു കിടക്കുന്നു. ഇന്നലെയും ഞാൻ വിളിച്ചു ചോദിച്ചപ്പോൾ സാംഗ്ഷൻ കൊടുത്തു എന്നാണ് പറഞ്ഞത്. ഞാൻ കോൺട്രാക്ടറോട് വിളിച്ചു ചോദിച്ചപ്പോൾ സാംഗ്ഷൻ കിട്ടിയില്ല എന്നാണ് പറഞ്ഞത്. ഈ റോഡിന്റെ പണി നടത്തുന്നതിനാവശ്യമായ നടപടികളുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പല റീച്ചുകളായിത്തന്നെ എടുത്ത് ടെന്റർ വിളിച്ചു. ടെന്റർ എക്സസ് ആയാൽ ടെന്റർ കമ്മിറ്റിയിൽ വരാതെ നിവൃത്തിയില്ല. ടെന്റർ കമ്മിറ്റി സാംഗ്ഷൻ ചെയ്തതിനുശേഷം കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കാതെപോയാൽ എന്ത് ചെയ്യും? ടെന്റർ കമ്മിറ്റിയിൽ ഒരുതുക അംഗീകരിച്ചു. പറ്റില്ലെന്ന നിലപാട് വന്നു. വീണ്ടും ടെന്റർ ചെയ്യേണ്ടിവന്നു. ഗവൺമെന്റ് ഭാഗത്തുനിന്ന് നടപടികൾ പൂർത്തിയാക്കാതെ അങ്ങനെ വർക്ക് ഏൽപ്പിച്ചു കൊടുക്കാൻ കഴിയുകയില്ല. എല്ലാ റീച്ചുകളെ സംബന്ധിച്ചും നടപടികൾ സ്വീകരിക്കുകയും കോൺട്രാക്ടർ ഇതിൽ എഗ്രിമെന്റ് വയ്ക്കാതെ പോവുകയും ചെയ്യുന്ന സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്. ബാക്കി ഭാഗത്തിന്റെ വർക്ക് അറേഞ്ച് ചെയ്തിട്ടുണ്ട്. കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായിട്ടുള്ള ഭാഗത്തെ സംബന്ധിച്ചുള്ളത് വളരെ ലേറ്റായിട്ടാണ് വന്നിട്ടുള്ളത്. ആ റീച്ചുകളുടെ കാര്യത്തിൽ ഇനിയും കാലതാമസമുണ്ടെങ്കിൽ അതൊഴിവാക്കാനായി ശ്രമിക്കുന്നതാണ്. മഴ തുടങ്ങിയപ്പോൾ വളരെ മോശമായ സ്ഥിതിയുണ്ടായി. മഴക്കാലത്ത് ചെയ്യാൻ കഴിയുന്നത് കാട്ടുകല്ലിട്ട് റോളർ ഓടിച്ച് റോഡ് ശരിയാക്കുക എന്നതാണ്. തിരുവനന്തപുരം സിറ്റിയിൽപ്പോലും ആദ്യം അങ്ങനെയാണ് ചെയ്തത്. മഴ മാറിയപ്പോൾ അത് മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ അവിടെ രണ്ടാമത് ബസ് സർവ്വീസ് തുടങ്ങിയല്ലോ. ബസ് സർവ്വീസ് നിർത്തലാക്കിയിട്ട് രണ്ടാമത് തുടങ്ങാൻവേണ്ടി അടിയന്തിരമായി കുറെ നടപടികൾ അവിടെ സ്വീകരിച്ചു ഈറോഡിൽ കുറേക്കാലം റിപ്പെയറിംഗ് ഇല്ലാത്തതിന്റെ ഫലമായി റോഡ് പൊട്ടിപ്പൊളിഞ്ഞു പോയി. ഈ ഗവൺമെന്റ് വന്നതിനുശേഷമുണ്ടായ കാര്യമല്ലല്ലോ. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ വർക്കുകളും അറേഞ്ച് ചെയ്തു. വർക്കുകൾ അറേഞ്ച് ചെയ്ത് ടെന്റർ കമ്മിറ്റി വന്ന് അനുമതി കൊടുത്തതിനുശേഷം, അംഗീകാരം കൊടുത്തതിനുശേഷം ലാസ്റ്റ് കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കാത്തതാണ് അതിൽ ഇത്രയും കാലതാമസമുണ്ടാക്കിയത്. ഇനി വളരെവേഗത്തിൽത്തന്നെ മറ്റുനടപടികൾ സ്വീകരിക്കാം. ലെവൽസ് എടുക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അത് പ്രത്യേകമായി അന്വേഷിപ്പിക്കണം. ഇന്നു തന്നെ സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി ബന്ധപ്പെടുന്നതാണ്. അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുകയും സീസൺ വന്നാൽ മറ്റു പണികൾ തീർക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly